# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4443 — 27.06.13 ൽ - മറുപടിക്ക്

## വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ ;<br>,, ജോസഫ് വാഴക്കൻ ;<br>,, എം. പി. വിൻസെന്റ് ;<br>,, കെ. ശിവദാസൻ നായർ : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടനുബന്ധിച്ചും സിവിൽ സപ്ലൈസ് വകുപ്പിന്റെ വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;<br><br>(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) & (ബി) ഉണ്ട്. പഞ്ചായത്ത്, താലൂക്ക്, മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ എന്നീ തലങ്ങളിൽ യോഗം കൂടി നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട-വർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുവിതരണ രംഗം സുതാര്യവും പരാതി രഹിതവും ഗുണമേന്മയുള്ളതും ആക്കുക, ഉപഭോക്തൃബോധവൽക്കരണം നടത്തുക, ഹോട്ടലുകൾ, ഭക്ഷ്യോത്പന്നങ്ങൾ വിൽക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ പ്രവർത്തനം സംബന്ധിച്ച പരാതിയിൽ ബന്ധപ്പെട്ട ഉദ്യോഗ-സ്ഥരെ അറിയിച്ച് നടപടി സ്വീകരിക്കുക, ഭക്ഷ്യപൊതുവിതരണ രംഗത്തെ സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതികൾക്ക് പരിഹാരം കാണുക ഇവ ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളാണ്. |
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികൾ, കൺസ്യൂമർ പ്രൊട്ടക്ഷൻ സംഘടനകൾ, ജനപ്രതിനിധികൾ, വ്യാപാരി പ്രതിനിധികൾ, റേഷൻകട പ്രതിനിധികൾ, താലൂക്ക് സപ്ലൈ ഓഫീസർമാർ, റേഷനിംഗ് ഇൻസ്പെക്ടർമാർ, ലീഗൽമെട്രോളജി, റവന്യൂ, ഹെൽത്ത്, പഞ്ചായത്ത്, പോലീസ് എന്നിവർ ഇതുമായി സഹകരിക്കുന്നുണ്ട്. |
| (ഡി) ഇവ നടപ്പാക്കുന്നതിന് എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട് ? | (ഡി) പൊതുവിതരണരംഗം കൂടുതൽ കാര്യക്ഷമ-മാക്കാൻ കഴിയുന്നു. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഇത് നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ മാസങ്ങളിലും ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റികൾ യോഗം ചേരാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ